(ബി) ഉണ്ടെങ്കിൽ കഴുതകൾക്ക് വേണ്ടി പ്രത്യേക പാത സജ്ജീകരിച്ചിട്ടുണ്ടോ;

(സി) പ്രതിദിനം ശരാശരി എത്ര കഴുതകളെയാണ് സാധനങ്ങൾ കൊണ്ടു പോകുവാൻ ഉപയോഗിക്കുന്നത്;

(ഡി) തീർത്ഥാടകർ ഈ കഴുതകളുടെ ചവിട്ടേൽക്കേണ്ടതായി വരുന്നുണ്ടോ; ഇവറ്റയ്ക്കുവേണ്ടി പുതിയ പാതയുണ്ടാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഇ) പമ്പയിൽ നിന്ന് സന്നിധാനത്തിലേക്കാവശ്യമായ സാധനങ്ങൾ കൊണ്ടു പോകുന്നതിന് കൺവയർ ബെൽറ്റ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) തലച്ചുമടായും കഴുതകളെ ഉപയോഗിച്ചും ട്രാക്ടറുകൾ വഴിയും ആണ് സന്നിധാനത്തിലേക്ക് ആവശ്യമായ സാധനങ്ങൾ കൊണ്ടുപോകുന്നത്.

(ബി) സ്ഥലദൗർലഭ്യം കാരണം പമ്പ മുതൽ മരക്കൂട്ടം വരെ പ്രത്യേക പാത സജ്ജീകരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും മരക്കൂട്ടം കഴിഞ്ഞ് കഴുതകളുടെ യാത്രയ്ക്കായി പ്രത്യേക പാത സജ്ജീകരിച്ചിട്ടുണ്ടെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) പ്രതിദിനം ശരാശരി 400 കഴുതകളെ സാധനങ്ങൾ കൊണ്ടുപോകുവാൻ ഉപയോഗിക്കുന്നു.

(ഡി) ഭക്തർക്ക് കഴുതകളുടെ ചവിട്ട് ഏൽക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. ഭക്തജനത്തിരക്ക് കൂടുന്ന വേളകളിൽ കഴുതകളെ പൂർണ്ണമായും ഒഴിവാക്കി വരുന്നുണ്ട്. കഴുതകളെ ഉപയോഗിച്ച്, സാധനങ്ങൾ സന്നിധാനത്ത് എത്തിക്കുന്നതിനായി അമ്പലക്കടവ് വഴി പുതുതായി പാത നിർമ്മിക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ഇതിലേക്കാവശ്യമായ അപേക്ഷ ദേവസ്വം ബോർഡ് വനം വകുപ്പിന് സമർപ്പിച്ചിരുന്നു. അതിൽ ഇപ്പോൾ ചില ഭേദഗതികൾ വനം വകുപ്പ് നിർദ്ദേശിച്ചതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) കൂടുതൽ വനഭൂമി ലഭ്യമാക്കിയാൽ മാത്രമേ കൺവയർ ബൽറ്റ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുവാൻ കഴിയുകയുള്ളുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പൂജാരിമാർ

90 [373] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങളിൽ എത്ര പൂജാരിമാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശാന്തിക്കാരെ ക്ളാസ് 4 തസ്തികയിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത്; ആണെങ്കിൽ ഇവരെ ക്ളാസ്-3 ജീവനക്കാരായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്ഷേത്രത്തിലെ പൂജാരിമാർക്ക് അവധി ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1262 (ആയിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട്) ശാന്തിക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തിക്കാർ ഉൾപ്പെടെയുള്ള ക്ഷേത്രജീവനക്കാരെ കണ്ടിജൻസി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഭാഗക്കാർക്ക് ലാസ്റ്റ് ഗ്രേഡ് ശമ്പള സ്കെയിൽ ലഭിക്കുന്ന മുറയ്ക്ക് ക്ളാസ്-4 വിഭാഗത്തിന് തുല്യമായ ശമ്പളം-അലവൻസുകളും, മറ്റ് സർവ്വീസ് ദൈർഘ്യ ഗ്രേഡുകളും നൽകി വരുന്നു. കൂടാതെ ക്ളാസ്-3 വിഭാഗത്തിൽപ്പെട്ട ലോവർ ഡിവിഷൻ ക്ളാർക്ക്/സബ്ഗ്രൂപ്പാഫീസർ തസ്തികയുടെ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ശാന്തിക്കാർ ഉൾപ്പെട്ട ക്ഷേത്രജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി നീക്കി വച്ചിട്ടുണ്ട്. എല്ലാ ശാന്തിക്കാർക്കും ക്ളാസ്-3 വിഭാഗത്തിൽ സ്ഥാനക്കയറ്റം നൽകുകയാണെങ്കിൽ ബോർഡിന് താങ്ങാനാകാത്ത സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഈ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ഇല്ല. പൂജാരിമാർക്ക് അവധിക്ക് അപേക്ഷിക്കുമ്പോൾ അവരുടെ ചുമതലയിൽ പകരം ആളെ വയ്ക്കണമെന്നതാണ് നിലവിലുള്ള നടപടിക്രമം. അപ്രകാരമുള്ള അവധി അപേക്ഷകൾ അനുവദിച്ചു നൽകുകയും, അർഹതയുള്ള അവധി എടുക്കുമ്പോൾ പകരം ആളെ ഏർപ്പെടുത്തുന്നതിന് ദേവസ്വം ബോർഡിൽ നിന്നും അലവൻസ് നൽകുകയും ചെയ്യുന്നുണ്ട്.

ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ കമ്പ വിളക്കുകൾ

91 [374] ശ്രീ. വർക്കല കഹാർ :

,, കെ. മുഹമ്മദാലി :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള പുരാതന ക്ഷേത്രങ്ങളിലെ സാധന സാമഗ്രികൾ നന്നാക്കുന്നതിനോ പകരം വയ്ക്കുന്നതിനോ എടുത്തു മാറ്റുന്നതിനോ ഉള്ള നടപടിക്രമമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly